**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** **07-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സമഗ്രകായിക വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്രകായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ച കൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>കായിക പരിശീലനം, അന്താരാഷ്ട്ര ടീമുകളുടെ മത്സരങ്ങൾ എന്നിങ്ങനെയുള്ള രംഗങ്ങളിലാണ് കൂടുതലായി വിദേശ സഹകരണം നടപ്പാക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആരാധകരുള്ള 2022 ലെ ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിലേക്ക് സൗഹൃദ മത്സരത്തിനായി ക്ഷണിച്ചിട്ടുണ്ട്.<br><br>നവംബർ മൂന്നാം വാരം അർജന്റീന കേരളത്തിൽ കളിക്കാൻ സമ്മതം അറിയിച്ചതു പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>കേരളത്തിലെ ഫുട്ബോൾ ആരാധകർക്കും ഫുടബോളിലേക്ക് കടന്നുവരുന്നവർക്കും വലിയ ആവേശം സമ്മാനിക്കാൻ ഈ മത്സരത്തിന് സാധിക്കും.<br><br>കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സ്പെയിൻ സന്ദർശിച്ച് അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി ചർച്ച നടത്തിയതിനെ തുടർന്നാണ് അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിൽ തീരുമാനമായത്.<br><br>ഈ സന്ദർശനത്തിൽ സ്പെയ്നിലെ പ്രീമിയർ ഫുട്ബോൾ ലീഗിന്റെ സംഘാടകരായ ലാ ലിഗ, സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായും ചർച്ചകൾ നടത്തി. |

| | | | |
|---|---|---|---|
| | | | കായിക പരിശീലനം, സ്പോർട്സ് സയൻസ്, സ്പോർടസ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ഇരുകൂട്ടരുമായി സഹകരണത്തിന് പ്രാഥമിക തലത്തിൽ ധാരണയായിട്ടുണ്ട്.<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്യൂബ സന്ദർശനത്തിൽ ഉണ്ടായ ധാരണ പ്രകാരം കായികരംഗത്ത് ക്യൂബയുമായി വിവിധ തലങ്ങളിൽ സഹകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>ക്യൂബയുമായി സഹകരിച്ച് 2024 ൽ ചെ സ്മാരക ചെസ് ടൂർണമെന്റ് സംഘടിപ്പിച്ചു. ഇരു രാജ്യങ്ങളിലെയും ഗ്രാന്റ് മാസ്റ്റർമാർ മത്സരത്തിൽ പങ്കെടുത്തു.<br><br>ജൂഡോ, ബോക്സിംഗ്, റെസ്ലിങ്, അത്ലറ്റിക്സ് വിഭാഗങ്ങളിലെ പരിശീലകരുടെ കൈമാറ്റത്തിനും കേരളവും ക്യൂബയുമായി ധാരണയായിട്ടുണ്ട്.<br><br>നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്‌ലൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി.<br><br>ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതി നിലവിലുണ്ട്. ഒന്നാംഘട്ടമായി പരിശീലകർക്കുള്ള പരിശീലനം നടന്നു.<br><br>ലോകത്തെ പ്രമുഖ ക്ലബായ എ സി മിലാനുമായി ചേർന്ന് ജി വി രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തവണ സുബ്രതോ കപ്പിലടക്കം ജി വി രാജ ഫുട്ബോൾ ടീം മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. |
| (ബി) | സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങൾക്കാവശ്യമായ വിദഗ്ധരായ പരിശീലകരെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി വിദേശ രാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളവും ക്യൂബയുമായി സഹകരിച്ച് വിവിധ കായിക ഇനങ്ങളിൽ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>ക്യൂബൻ സഹകരണത്തോടെ ബോക്സിംഗ്, വോളിബോൾ, ചെസ് എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കാൻ കായികവകുപ്പ് പ്രതിനിധികളും ക്യൂബൻ അംബാസിഡറുമായി നടന്ന ചർച്ചകളിൽ തീരുമാനിച്ചു.<br><br>കായിക പരിശീലനം, സ്പോർട്സ് സയൻസ്, അക്കാദമിക് എക്സ്ചേഞ്ച് തുടങ്ങിയ മേഖലകളിൽ ദീർഘകാല സഹകരണം രൂപപ്പെടുത്തുന്ന ധാരണാപത്രം ക്യൂബൻ അമ്പാസഡറും കായിക യുവജനകാര്യ ഡയറക്ടറും ഒപ്പുവച്ചു. |

| | | | |
|---|---|---|---|
| | | | കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളിൽ കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലൂടെ പരിശീലകരെ നിയമിച്ച് പരിശീലനം നൽകി വരുന്നു. |
| (സി) | കായിക മേഖലയുടെ അന്താരാഷ്ട്ര സഹകരണത്തിനായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; ഇതിനായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ക്യൂബയും കേരളവും തമ്മിലുള്ള ഇന്റർനാഷണൽ ചെസ് ടൂർണമെന്റിന്റെ നടത്തിപ്പിനായി 18.11.2023 ൽ 87,69,000/- രൂപയുടെ ഭരണാനുമതി നൽകി.<br><br>5 ക്യൂബൻ ബോക്സിംഗ് പരിശീലകരുടെ സേവനം ലഭ്യമാക്കി 8 ദിവസത്തെ പരിശീലന പരിപാടി നടത്താൻ 03.10.2025-ൽ 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ